പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2359</u>      <u>18.03.2015-ൽ മറുപടിയ്ക്ക്</u>

## <u>ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം</u>

<u>ചോദ്യം</u>

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ശ്രീ.വി.പി.സജീന്ദ്രൻ

ശ്രീ.എം.എ.വാഹീദ്

ശ്രീ.പി.എ.മാധവൻ

<u>മറുപടി</u>

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | പട്ടികവർഗ്ഗക്കാർക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൽ എന്നിവ സംബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്നും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേനയും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, ശുചിത്വ പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| ബി) | ആരോഗ്യ ബോധവൽക്കരണത്തിനായി പ്രമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ചികിൽസ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ഉറപ്പുവരുത്തുന്നതിനുമായി സേവന സന്നദ്ധതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ പ്രൊമോട്ടർ, ഹെൽത്ത് പ്രൊമോട്ടർമാരായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുവരുന്നുണ്ട്. എന്നാൽ ആരോഗ്യ ബോധവൽക്കരണത്തിനു മാത്രമായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലില്ല. |
| സി) | എങ്കിൽ പ്രസ്തുത പ്രമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | സി) & ഡി) | ബാധകമല്ല. |
| ഡി) | പ്രസ്തുത പ്രമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കുമോ? | | |

Hariprilya

സെക്ഷൻ ഓഫീസർ